| 02–05–2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ – ഏകാന്തതയിലിരുന്ന് സ്വയത്തോട് സംസാരിക്കൂ, നമ്മൾ അവിനാശി ആത്മാവാണ്, ബാബയിൽ നിന്ന് കേട്ടുകൊണ്ടിരിക്കുന്നു, ഈ അഭ്യാസം ചെയ്യൂ.**

**ചോദ്യം :–** ഓർമ്മയിൽ അലസരായിട്ടുള്ള കുട്ടികളുടെ വായിൽ നിന്ന് ഏതൊരു ശബ്ദമാണ് വരിക?
**ഉത്തരം :–** അവർ പറയുന്നു – ഞങ്ങൾ ശിവബാബയുടെ കുട്ടികൾ തന്നെയാണ്, ഓർമ്മയിൽ തന്നെയാണ്. പക്ഷേ ബാബ പറയുന്നു അതെല്ലാം വെറും പൊങ്ങച്ചമാണ്, അലസതയാണ്. ഇക്കാര്യത്തിൽ പുരുഷാർത്ഥം ചെയ്യണം, അതിരാവിലെ എഴുന്നേറ്റ് സ്വയം ആത്മാവ് എന്ന് മനസ്സിലാക്കി ബാബയുടെ ഓർമ്മയിൽ ഇരിക്കണം. ആത്മീയ സംഭാഷണം നടത്തണം. ആത്മാവ് തന്നെയാണ് സംസാരിക്കുന്നത്, ഇപ്പോൾ നിങ്ങൾ ആത്മാ – അഭിമാനിയാകുന്നു. ആത്മാ–അഭിമാനി കുട്ടികൾ തന്നെയാണ് ഓർമ്മയുടെ ചാർട്ട് വയ്ക്കുക, കേവലം ജ്ഞാനം പറച്ചിൽ മാത്രമല്ല.

**ഗീതം :–** മുഖം നോക്കൂ ആത്മാവേ .............

**ഓം ശാന്തി.** ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് അതായത് പ്രാണൻ എന്ന് ആത്മാവിനെയാണ് പറയുന്നത്. . ഇപ്പോൾ ബാബ ആത്മാക്കൾക്ക് മനസ്സിലാക്കി തരുന്നു, ഈ പാട്ട് എല്ലാം ഭക്തി മാർഗ്ഗത്തിലേതാണ്. കേവലം ഇതിന്റെ സാരം മനസ്സിലാക്കി തരുന്നു. നിങ്ങൾ കുട്ടികൾ ഇവിടെ ഇരിക്കുമ്പോൾ സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കൂ. ദേഹ ബോധം ഉപേക്ഷിക്കണം. നമ്മൾ ആത്മാവ് വളരെ ചെറിയ ബിന്ദുവാണ്. ബാബയും ഈ ബ്രഹ്മാവിന്റെ ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുന്നു. ഈ ആത്മാവിന്റെ ജ്ഞാനം വേറെ ആരിലും ഇല്ല. ഇത് ബാബ മനസ്സിലാക്കി തരുന്നു. സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കൂ– ഞാൻ ചെറിയ ആത്മാവാണ്. ഈ ശരീരത്തിലൂടെ മുഴുവൻ പാർട്ടും ആത്മാവ് തന്നെയാണ് അഭിനയിക്കുന്നത്, എങ്കിൽ ദേഹാഭിമാനം ഇല്ലാതാകും. ഇതിൽ തന്നെയാണ് പരിശ്രമം. നമ്മൾ ആത്മാക്കൾ ഈ മുഴുവൻ നാടകത്തിലെ അഭിനേതാക്കളാണ്. ഉയർന്നതിലും ഉയർന്ന അഭിനേതാവ് പരംപിതാ പരമാത്മാവാണ്. ബുദ്ധിയിൽ ഉണ്ട് ആ ബാബ എത്ര ചെറുതാണ്, പക്ഷേ ബാബയുടെ മഹിമ വളരെ ഉയർന്നതാണ്. ജ്ഞാന സാഗരൻ, സുഖ സാഗരൻ, പക്ഷേ ചെറിയ ബിന്ദു. നമ്മൾ ആത്മാവും ചെറിയ ബിന്ദുവാണ്. ആത്മാവിനെ ദിവ്യദൃഷ്ടിയില്ലാതെ കാണുവാനേ കഴിയില്ല. ഈ പുതിയ – പുതിയ കാര്യങ്ങൾ ഇപ്പോൾ നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. ലോകത്തുള്ളവർ എന്ത് അറിയുന്നു? നിങ്ങളിൽ പോലും കുറച്ചുപേർ മാത്രമാണ് യഥാർത്ഥ രീതിൽ നമ്മൾ ആത്മാവ് ചെറിയ ബിന്ദു എന്ന് മനസ്സിലാക്കുന്നുള്ളൂ. നമ്മുടെ അച്ഛൻ ഈ ഡ്രാമയിലെ മുഖ്യ അഭിനേതാവാണ്. ഉയർന്നതിലും, ഉയർന്ന ആക്ടർ ബാബ, പിന്നീട് ഇന്നയിന്നവർ വരുന്നു. നിങ്ങൾക്ക് അറിയാം ബാബ ജ്ഞാന സാഗരനാണ്, പക്ഷേ ശരീരം ഇല്ലാതെ ജ്ഞാനം കേൾപ്പിക്കുവാൻ കഴിയില്ല. ശരീരത്തിലൂടെ മാത്രമേ പറയുവാൻ കഴിയുകയുള്ളൂ. അശരീരിയാകുന്നതിലൂടെ ഇന്ദ്രിയങ്ങൾ വേറിടുന്നു. ഭക്തി മാർഗ്ഗത്തിൽ ദേഹധാരികളെ ഓർമ്മിക്കുന്നു. പരം പിതാ പരമാത്മാവിന്റെ നാമ – രൂപ – ദേശ – കാലം ആരും അറിയുന്നില്ല. കേവലം പറയുന്നു പരമാത്മാവ് നാമ – രൂപത്തിൽ നിന്ന് വേറിട്ടതാകുന്നു. ബാബ മനസ്സിലാക്കി തരുന്നു– ഡ്രാമയനുസരിച്ച് നിങ്ങൾ നമ്പർ വൺ സതോപ്രധാനമായിരുന്നു, അതേ നിങ്ങൾക്ക് തന്നെ വീണ്ടും സതോപ്രധാനമാകണം. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകുന്നതിന് വേണ്ടി നമ്മൾ ആത്മാവാണ്, ആത്മാവ് ഈ ശരീരത്തിലൂടെ സംസാരിക്കുന്നു– ഈ അവസ്ഥ ശക്തമാക്കി വെക്കണം. ബാബയിൽ ജ്ഞാനം ഉണ്ട്. നമ്മൾ ആത്മാവിൽ 84 – ജന്മത്തിന്റെ അവിനാശി പാർട്ട് അടങ്ങിയിരിക്കുന്നു ഈ ജ്ഞാനം ഒരാളുടെ ബുദ്ധിയിൽ പോലും ഇല്ല. ഇത് വളരെ പുതിയ– പുതിയ പോയിന്റുകളാണ്. ഏകാന്തമായിരുന്ന് സ്വയം തന്നോട് തന്നെ ഇങ്ങനെ– ഇങ്ങനെ സംസാരിക്കണം– നമ്മൾ ആതാവാണ്, ബാബയിൽ നിന്ന് കേട്ടുകൊണ്ടിരിക്കുന്നു. ധാരണ ആത്മാവായ എന്നിലാണ് ഉണ്ടാകുന്നത്. ആത്മാവാകുന്ന എന്നിൽ പാർട്ട് നിറഞ്ഞിരിക്കുന്നു. ഞാൻ ആത്മാവ് അവിനാശിയാണ്. ഉള്ളിൽ ഇത് ഉരച്ചു കൊണ്ടിരിക്കണം. നമ്മൾക്ക് തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകണം. ദേഹാഭിമാനി മനുഷ്യർക്ക് ആത്മാവിന്റെ ജ്ഞാനം ഇല്ല, പക്ഷേ എത്ര വലിയ – വലിയ പുസ്തകമാണ് തന്റെ കൈവശമുള്ളത്. അഹങ്കാരവും എത്രമാത്രമാണ്. ഇത് തമോപ്രധാന ലോകമാണ്. ഉയർന്നതിലും, ഉയർന്ന ഒരു ആത്മാവുപോലുമില്ല. നിങ്ങൾ അറിയുന്നുണ്ട് ഇപ്പോൾ നമ്മൾക്ക് തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകുന്ന പുരുഷാർത്ഥം ചെയ്യണം. ഈ കാര്യങ്ങളുടെ ചിന്ത ഉള്ളിൽ ഉണ്ടായിരിക്കണം. ജ്ഞാനം കേൾപ്പിക്കുന്നവർ വളരെ ഉണ്ട് .പക്ഷേ ഓർമ്മയില്ല.

അന്തർമുഖത ഉണ്ടായിരിക്കണം. നമ്മൾക്ക് ബാബയുടെ ഓർമ്മയിലൂടെ പതീതത്തിൽ നിന്ന് പാവനമാകണം, കേവലം പണ്ഡിതനാകരുത്. ഇതിൽ ഒരു പണ്ഡിതന്റെ ഉദാഹരണവും ഉണ്ട് – മാതാക്കളോട് പറഞ്ഞു രാമ – രാമ എന്ന് പറയുന്നതിലൂടെ അക്കരെ പോകും...... അതിനാൽ അങ്ങനെ ജ്ഞാനത്തിന്റെ വെടി പറയുന്നവർ മാത്രമാകരുത്.

വളരെയധികം മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്, പക്ഷേ യോഗമില്ല. മുഴുവൻ ദിവസവും ദേഹാഭിമാനത്തിൽ ഇരിക്കുന്നു. ഇല്ലായെങ്കിൽ നമ്മൾ ഇന്ന സമയം എഴുന്നേററു, ഇത്ര സമയം ഓർമ്മിച്ചു, ഈ ചാർട്ട് ബാബയ്ക്ക് അയച്ചു കൊടുക്കും. യാതൊരു വാർത്തയും ബാബയ്ക്ക് നൽകുന്നില്ല. പക്ഷേ ജ്ഞാനത്തിന്റെ പൊങ്ങച്ചം വളരെ പറയുന്നു. യോഗമേയില്ല. വലിയവർക്ക് പോലും ജ്ഞാനം നൽകുന്നു, പക്ഷേ യോഗത്തിൽ അപക്വമാണ്. അതിരാവിലെ എഴുന്നേററ് ബാബയെ ഓർമ്മിക്കണം. ബാബാ അങ്ങ് എത്ര അതിസ്നേഹിയാണ്. എത്ര വിചിത്രമായി ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഒരാൾക്കും ഈ രഹസ്യം അറിയില്ല. ആത്മാവിനേയോ, പരമാത്മാവിനേയോ അറിയുന്നില്ല. ഈ സമയം മനുഷ്യർ മൃഗത്തിനേക്കാളും മോശമാണ്. നമ്മളും അങ്ങനെയായിരുന്നു. മായയുടെ രാജ്യത്തിൽ എത്ര ദുർദശയാണ്. ഈ ജ്ഞാനം ആർക്ക് വേണമെങ്കിലും നിങ്ങൾക്ക് കേൾപ്പിക്കുവാൻ സാധിക്കും.നിങ്ങൾ ആത്മാവ് ഇപ്പോൾ തമോപ്രധാനമണ്, നിങ്ങൾക്ക് സതോപ്രധാനമാകണം. ആദ്യം സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കൂ. പാവപ്പെട്ടവർക്ക് ഇത് വളരെ സഹജമാണ്. സമ്പന്നർക്ക് പ്രശ്നങ്ങൾ ഒരുപാടാണ്.

ബാബ പറയുന്നു– ഞാൻ വരുന്നത് തന്നെ സാധാരണ ശരീരത്തിലാണ്. വളരെ ദരിദ്രനുമല്ല, വളരെ സമ്പന്നനുമല്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ അറിയുന്നു കല്പ– കല്പം ബാബ വന്ന് എങ്ങനെ പാവനമാകാം, ഈ ജ്ഞാനം നൽകുന്നു. ബാക്കി നിങ്ങളുടെ ജോലിയിലേയും മററും പ്രശ്നങ്ങൾക്ക് വേണ്ടി ബാബ വരുന്നില്ല. നിങ്ങൾ വിളിച്ചത് തന്നെയാണ് പതീത– പാവനാ വരൂ, അതിനാൽ ബാബ പാവനമാകുന്നതിന്റെ യുക്തി പറഞ്ഞു തരുന്നു. ഈ ബ്രഹ്മാവിനു പോലും സ്വയം ഒന്നും അറിയില്ലായിരുന്നു. അഭിനേതാവായിട്ടും ഡ്രാമയുടെ ആദി– മദ്ധ്യ– അന്ത്യത്തെ കുറിച്ച് അറിയില്ലായെങ്കിൽ അവരെ എന്ത് പറയും? നമ്മൾ ആത്മാവ് ഈ സൃഷ്ടി ചക്രത്തിലെ അഭിനേതാവാണ്, ഇതുപോലും ആരും അറിയുന്നില്ല. പറയുന്നു ആത്മാവ് മൂല വതനവാസിയാണ്, പക്ഷേ അനുഭവത്തിലൂടെ പറയുന്നില്ല. നിങ്ങൾ ഇപ്പോൾ പ്രാക്ടിക്കലിൽ അറിയുന്നു– നമ്മൾ ആത്മാവ് മൂലവതനവാസിയാണ്, നമ്മൾ ആത്മാവ് അവിനാശിയാണ്. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. വളരെപേർക്ക് അല്പം പോലും യോഗമില്ല. ദേഹഭിമാനം കാരണം വളരെയധികം തെറ്റുകൾ സംഭവിക്കുന്നു. ദേഹീയഭിമാനിയാകുക ഇതാണ് മുഖ്യ കാര്യം. നമുക്ക് സതോപ്രധാനമാകണം ഈ ചിന്ത ഉണ്ടായിരിക്കണം. ഏത് കുട്ടികൾക്കാണോ സതോപ്രധാനമാകുന്ന ചിന്തയുള്ളത് അവരുടെ മുഖത്ത് നിന്ന് ഒരിക്കലും കല്ലുകൾ (കടുത്ത വാക്കുകൾ) വരില്ല. ഏതെങ്കിലും തെററ് സംഭവിച്ചാൽ ഉടൻ ബാബയ്ക്ക് റിപ്പോർട്ട് നൽകും, ബാബാ ഞങ്ങളിൽ നിന്ന് ഈ തെററ് സംഭവിച്ചു, ഞങ്ങളോട് ക്ഷമിക്കണം. ഒളിച്ചു വെയ്ക്കില്ല. ഒളിച്ചു വെയ്ക്കുന്നതിലൂടെ തെററ് വീണ്ടും വർദ്ധിച്ചുകൊണ്ടിരിക്കും. അതിനാൽ ബാബയ്ക്ക് വാർത്ത നൽകി കൊണ്ടിരിക്കൂ. ബാബയും മറുപടി എഴുതും നിങ്ങളുടെ യോഗം ശരിയല്ല. പാവനമാകുന്നതാണ് മുഖ്യ കാര്യം. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ 84 – ജന്മത്തിന്റെ കഥ ഉണ്ട്. എത്ര കഴിയുമോ സതോപ്രധാനമാകണം, ഈ ചിന്തയിൽ മുഴുകണം. ദേഹാഭിമാനം ഉപേക്ഷിക്കണം. നിങ്ങൾ രാജഋഷികളാണ്. ഹഠയോഗിക്ക് ഒരിക്കലും രാജയോഗം പഠിപ്പിക്കുവാനേ കഴിയില്ല. രാജയോഗം ബാബയാണ് പഠിപ്പിക്കുന്നത്. ജ്ഞാനവും ബാബ തന്നെയാണ് നൽകുന്നത്. ബാക്കി ഈ സമയം ഭക്തിപോലും തമോപ്രധാനമാണ്. ജ്ഞാനം ബാബ കേവലം സംഗമയുഗത്തിൽ വന്ന് കേൾപ്പിക്കുന്നു. ബാബ വരുന്നതിലൂടെ ഭക്തിയും ഈ ലോകവും ഇല്ലാതാകുന്നു. ജ്ഞാന– യോഗത്തിലൂടെ സത്യയുഗത്തിന്റെ സ്ഥാപന നടക്കുന്നു. ഭക്തി വേറെയാണ്. മനുഷ്യർ പിന്നീട് പറയുന്നു സുഖവും, ദു:ഖവും ഇവിടെ തന്നെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ മേൽ വളരെയധികം ഉത്തരവാദിത്വമുണ്ട്. തന്റെ മംഗളം ചെയ്യുന്നതിനുള്ള യുക്തി രചിക്കൂ. ഇതും മനസ്സിലാക്കി തരുന്നു ശാന്തിധാമും, സുഖധാമും പാവനലോകമാണ്. ഇത് അശാന്തി ധാം, ദു:ഖധാം. യോഗമാണ് ആദ്യത്തെ മുഖ്യകാര്യം. യോഗമില്ലായെങ്കിൽ കേവലം പണ്ഡിതനെ പോലെ ജ്ഞാനത്തിന്റെ പൊങ്ങച്ചം പറച്ചിൽ മാത്രമാകും. ഇന്നത്തെ കാലത്ത് ഈ അത്ഭുതവിദ്യകളും ധാരാളം വരുന്നു. ഇതിൽ ജ്ഞാനവുമായി യാതൊരു ബന്ധവുമില്ല. മനുഷ്യർ എത്രമാത്രം അസത്യത്തിൽ കുടുങ്ങിപോകുന്നു. കാര്യം പതീതമാണ്. ബാബ സ്വയം പറയുന്നു ബാബ പതീത ലോകത്ത്, പതീത ശരീരത്തിൽ വരുന്നു. പാവനമായ ആരും തന്നെ ഇവിടെ ഇല്ല. ഈ ബ്രഹ്മാവിനുപോലും സ്വയത്തെ ഭഗവാനെന്ന് പറയുവാൻ കഴില്ല. ഈ ബ്രഹ്മാവും പറയുന്നു ഞാൻ പതീതമാണ്, പാവനമാകുമ്പോൾ ഫരിസ്തയാകും. നിങ്ങളും പവിത്ര ഫരിസ്തയാകും. അപ്പോൾ മുഖ്യ കാര്യമിതാണ് എങ്ങനെ നമ്മൾ പാവനമാകും. ഓർമ്മിക്കേണ്ടത് വളരെ ആവശ്യമാണ്. ഓർമ്മിക്കുന്നതിൽ

അലസത കാണിക്കുന്ന കുട്ടികൾ ഇങ്ങനെ പറയാറുണ്ട്- നമ്മൾ ശിവബാബയുടെ കുട്ടികൾ തന്നെയാണല്ലോ. നമ്മൾ ശിവബാബയുടെ ഓർമ്മയിൽ തന്നെയാണിരിക്കുന്നത്. എന്നാൽ ബാബ പറയുന്നു, ഇതെല്ലാം പൊങ്ങച്ചം പറച്ചിലാണ്.അലസതയാണ്.പുരുഷാർത്ഥം ചെയ്യണം, അതിരാവിലെ എഴുന്നേറ്റ് സ്വയം ആത്മ സ്ഥിതിയിലിരിക്കണം. ആത്മീയ സംഭാഷണം ചെയ്യണം. ആത്മാവ് തന്നെയല്ലേ സംസാരിക്കുന്നത്. നിങ്ങൾ ഇപ്പോൾ ആത്മ അഭിമാനിയാവുകയാണ്. മറ്റുള്ളവരുടെ നന്മ ചെയ്യുന്നവരുടെ മഹിമ പറയാറുണ്ട്. എന്നാൽ അത് പരിധിയുള്ള മഹിമയാണ്. ഇത് നിരാകാരനായ പരംപിതാ പരമാത്മാവിന്റെ മഹിമയാണ്. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഈ ഏണിപ്പടിയെക്കുറിച്ച് മറ്റാർക്കും മനസ്സിലാക്കുവാൻ സാധിക്കില്ല. നമ്മൾ 84 ജന്മമെടുത്ത് താഴേയ്ക്ക് ഇറങ്ങുന്നു. ഇപ്പോൾ പാപത്തിന്റെ കുടം നിറഞ്ഞിരിക്കുകയാണ്, അത് എങ്ങനെ ശുദ്ധമാക്കും? അതിനു വേണ്ടിയാണ് ബാബയെ വിളിക്കുന്നത്. നിങ്ങൾ പാണ്ഡവ സമ്പ്രദായത്തിലുള്ളവരാണ്. ധാർമ്മികതയും രാഷ്ട്രീയതയും ഉള്ളവരാണ്. ബാബ സർവ്വ ധർമ്മത്തിന്റെയും കാര്യങ്ങൾ മനസ്സിലാക്കി തരുന്നു. മറ്റാർക്കും പറഞ്ഞ് തരുവാൻ സാധിക്കില്ല. ധർമ്മങ്ങൾ സ്ഥാപിക്കുന്നവർ എന്താണ് ചെയ്യുന്നത്, അവർക്ക് പിന്നാലെ മറ്റുള്ളവരും താഴേയ്ക്ക് വരാൻ തുടങ്ങുന്നു. അവർ ആർക്കും മോക്ഷമൊന്നും കൊടുക്കുന്നില്ല. അവസാനം ബാബ തന്നെയാണ് വന്ന് സർവ്വരേയും പവിത്രമാക്കി തിരികെ കൊണ്ട് പോകുന്നത്, അതിനാൽ ഒരു ബാബയ്ക്കല്ലാതെ മറ്റാർക്കും യാതൊരു മഹിമയും ഇല്ല. ബ്രഹ്മാവിനോ നിങ്ങൾക്കോ യാതൊരു മഹിമയും ഇല്ല. ബാബ വന്നില്ലായിരുന്നുവെങ്കിൽ നിങ്ങളും എന്ത് ചെയ്യുമായിരുന്നു. ബാബ നിങ്ങളെ കലകൾ ഉള്ളവരാക്കി മാറ്റുന്നു. അല്ലയോ പ്രഭൂ നിന്നിലൂടെ സർവ്വരുടേയും മംഗളമുണ്ടാകുന്നു എന്നൊക്കെ മഹിമകൾ പറയാറുണ്ട്. ധാരാളം മഹിമകൾ പാടുന്നുണ്ട് എന്നാൽ അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, ആത്മാവ് നശിക്കാത്തതാണ്, ആത്മാവിന്റെ സിംഹാസനമാണിത്. ആത്മാവ് അവിനാശിയാണ്.ഒരിക്കലും മരിക്കുന്നില്ല. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്നെടുത്ത് പാർട്ടഭിനയിക്കുന്നു. അല്ലാതെ കൊണ്ട് പോകാനായി കാലനൊന്നും വരുന്നില്ല. ആരെങ്കിലും ശരീരം വിട്ടാൽ നിങ്ങൾ ദുഃഖിക്കേണ്ടതില്ല. ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊരു പാർട്ടഭിനയിക്കാൻ പോവുകയാണ്, ഇതിൽ കരയേണ്ട ആവശ്യമില്ല. നമ്മൾ ആത്മാക്കൾ സഹോദരങ്ങളാണ്. ഇതും നിങ്ങൾക്കിപ്പോൾ അറിയാം. ആത്മാവും പരമാത്മാവും വളരെക്കാലം വേർപിരിഞ്ഞിരുന്നു എന്ന് പാടുന്നുണ്ട്....... ബാബ എവിടെ വന്നാണ് കണ്ട് മുട്ടുന്നത് എന്നും അറിയുന്നില്ല. നിങ്ങൾക്കിപ്പോൾ ഓരോ കാര്യത്തിനെക്കുറിച്ചുമുള്ള അറിവ് ലഭിക്കുകയാണ്. എപ്പോൾ മുതലാണ് കേട്ടുവന്നത്. യാതൊരു പുസ്തകങ്ങളും കൊണ്ടുനടക്കുന്നില്ല, മനസ്സിലാക്കിക്കൊടുക്കുന്നതിന് വേണ്ടി റഫർ ചെയ്യുന്നു. ബാബ സത്യമായതിനാൽ സത്യമായ രചനയാണ് രചിക്കുന്നത്. സത്യമാണ് പറയുന്നത്. സത്യത്തിലൂടെ ജയവും, അസത്യത്തിലൂടെ പരാജയവും. സത്യമായ അച്ഛൻ സത്യദേശത്തിന്റെ സ്ഥാപന നടത്തുന്നു. രാവണനോട് നിങ്ങൾ വളരെയധികം പരാജയപ്പെട്ടു.ഈ കളിയെല്ലാം ഉണ്ടാക്കപ്പെട്ടതാണ്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മുടെ രാജ്യം സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ് അപ്പോൾ ഇതൊന്നും കാണില്ല. ഇതെല്ലാം പിന്നീട് വന്നതാണ്. ഈ സൃഷ്ടിചക്രത്തിനെ ബുദ്ധിയിൽ വയ്ക്കാൻ എന്തു സഹജമാണ്. ആരാണോ പുരുഷാർത്ഥി കുട്ടികൾ ഞങ്ങൾ ജ്ഞാനം നല്ലരീതിയിൽ കേൾപ്പിക്കുന്നു എന്ന് സന്തോഷപ്പെടാറില്ല. കൂടെ യോഗവും അച്ചടക്കവും ധാരണ ചെയ്യും. നിങ്ങൾക്ക് വളരെ-വളരെ മധുരമുള്ളവരാകണം. ആർക്കും ദുഃഖം നൽകാൻ പാടില്ല. സ്നേഹത്തോടെ മനസ്സിലാക്കി കൊടുക്കണം. പവിത്രതയുടെകാര്യത്തിലും എന്തു മാത്രം ബഹളമാണ് നടക്കുന്നത്. അതും നാടകം അനുസരിച്ച് നടക്കും. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമല്ലേ. നാടകത്തിലുണ്ടെങ്കിൽ നടക്കും എന്നല്ല, പരിശ്രമിക്കണം. ദേവതകളെ പോലെ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ഉപ്പുവെള്ളം പോലെ ആകരുത്. നമ്മൾ തെറ്റായ പെരുമാറ്റത്തിലൂടെ ബാബയുടെ പേര് മോശമാക്കുന്നില്ലല്ലോ? സത്ഗുരുവിനെ നിന്ദിക്കുന്നവർക്ക് ഗതി കിട്ടില്ല. ഇത് സത്യമായ അച്ഛനും, സത്യമായ ടീച്ചറുമാണ്. ആത്മാവിന് ഇപ്പോൾ സ്മൃതിയുണ്ട്. ബാബ ജ്ഞാനത്തിന്റെ സാഗരനും, സുഖത്തിന്റെ സാഗരനുമാണ്. തീർച്ചയായും ജ്ഞാനം നൽകിയിട്ടുണ്ട് അത് കൊണ്ടല്ലേ മഹിമ പാടുന്നത്. ഇദ്ദേഹത്തിന്റെ ആത്മാവിൽ എന്തെങ്കിലും ജ്ഞാനം ഉണ്ടായിരുന്നോ? ആത്മാവ് എന്താണ്, നാടകം എന്താണ്-ഒന്നും അറിഞ്ഞിരുന്നില്ല. മനുഷ്യർക്കല്ലേ അറിയേണ്ടത്. രുദ്ര യജ്ഞം രചിക്കുമ്പോൾ ആത്മാക്കളുടെ പൂജ നടത്തുന്നു, അവരുടെ പൂജയാണോ നല്ലത് അതോ ദൈവീക ശരീരത്തിന്റെ പൂജയാണോ നല്ലത്? ഈ ശരീരം 5 തത്വങ്ങളുടേതാണ് അതുകൊണ്ട് ഒരു ശിവബാബയുടെ പൂജയാണ് അവ്യഭിചാരിയായ പൂജ. ഇപ്പോൾ ഒരേ ഒരു ബാബയിൽ നിന്നു മാത്രം കേൾക്കണം അത് കൊണ്ടാണ് പറയുന്നത് ഹിയർ നോ ഈവിൾ...... എന്നിൽ നിന്നും മാത്രം കേൾക്കൂ. ഇതാണ് അവ്യഭിചാരിയായ ജ്ഞാനം. മുഖ്യമായ കാര്യം, എപ്പോഴാണോ ദേഹ-അഭിമാനം ഇല്ലാതാകുന്നത് അപ്പോഴെ നിങ്ങൾ ശീതളമാകുകയുള്ളൂ. ബാബയുടെ ഓർമ്മയിലിരിക്കുക

യാണെങ്കിൽ വായിൽ നിന്നും തലകീഴായ വാക്കുകൾ വരില്ല, മോശമായ ദൃഷ്ടി പോകില്ല. കണ്ടു കൊണ്ടും കാണില്ല. നമ്മുടെ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം തുറന്നിരിക്കുകയാണ്. ബാബ വന്നിട്ട് ത്രിനേത്രിയും, ത്രികാലദർശിയുമാക്കിയിരിക്കയാണ്. ഇപ്പോൾ നിങ്ങൾക്ക് മൂന്നു കാലത്തിന്റേയും, മൂന്നു ലോകത്തിന്റേയും ജ്ഞാനമുണ്ട്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം** :-

1) ജ്ഞാനം കേൾപ്പിക്കുന്നതോടൊപ്പം യോഗത്തിലുമിരിക്കണം. നല്ല അച്ചടക്കം ധാരണ ചെയ്യണം. വളരെ മധുരമുള്ളവരായി മാറണം. വായിൽ നിന്നും ഒരിക്കലും മോശമായ വാക്കുകൾ വരാൻ പാടില്ല.

2) അന്തർമുഖിയായി ഏകാന്തതയിലിരുന്ന് സ്വയം തന്നോട് ആത്മീയ സംഭാഷണം നടത്തണം. പാവനമാകുന്നതിനുള്ള യുക്തി കണ്ടുപിടിക്കണം. അതിരാവിലെ എഴുന്നേറ്റ് ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം.

## വരദാനം:- വയർലസ് സെറ്റിലൂടെ വിനാശകാലത്ത് അന്തിമ നിർദ്ദേശങ്ങൾ പിടിച്ചെടുക്കുന്ന അശുദ്ധിയില്ലാത്തവരായി ഭവിക്കട്ടെ.

വിനാശത്തിന്റെ സമയത്ത് അന്തിമ നിർദ്ദേശങ്ങൾ പിടിച്ചെടുക്കുന്നതിന് വേണ്ടി സംശുദ്ധമായ ബുദ്ധി ആവശ്യമുണ്ട്. പുറംലോകത്ത് വയർലസ് സെറ്റിലൂടെ പരസ്പരം വാക്കുകൾ കൈമാറാറുണ്ട്, എന്നാൽ ഇവിടെയുള്ളത് അശുദ്ധിയില്ലായ്മയാകുന്ന വയർലസ്സാണ്. ഈ വയർലസ്സിലൂടെ താങ്കൾക്ക് സന്ദേശം ലഭിക്കും- ഇന്ന സുരക്ഷിത സ്ഥാനത്തേക്ക് പോകൂ. ഏത് കുട്ടികളാണോ ബാബയുടെ ഓർമ്മയിലിരിക്കുന്ന അശുദ്ധിയില്ലാത്തവർ, അവർക്ക് അശരീരിയാകാനുള്ള അഭ്യാസമുണ്ടാകും, അവർക്ക് വിനാശത്തിൽ നാശം സംഭവിക്കില്ല, മറിച്ച് സ്വന്തം ഇച്ഛപ്രകാരം ശരീരം ഉപേക്ഷിക്കും.

## സ്ലോഗൻ:- യോഗത്തെ പാർശ്വവൽക്കരിച്ച് കർമ്മത്തിൽ ബിസിയായിരിക്കുക- ഇത് തന്നെയാണ് അശ്രദ്ധ.

## അവ്യക്ത സൂചനകൾ:- ആത്മീയ രാജകീയതയും പവിത്രതയുടെ വ്യക്തിത്വവും ധാരണ ചെയ്യൂ.

**പവിത്രതയുടെ രാജകീയത അർത്ഥം ഏകവ്രതയാകുക** (ഒരു ബാബ, രണ്ടാമതാരുമില്ല), ഈ ബ്രാഹ്മണ ജീവിതത്തിൽ സമ്പൂർണ്ണ പാവനമാകുന്നതിന് വേണ്ടി ഏകവ്രതയുടെ വ്രതം പക്കായാക്കൂ. വൃത്തിയിൽ (ആന്തരീക ഭാവന) ശുഭഭാവനയും ശുഭകാമനയുമുണ്ടായിരിക്കണം, ദൃഷ്ടിയിലൂടെ ഓരോരുത്തരെയും ആത്മീയ രൂപത്തിലും ഫരിസ്താ രൂപത്തിലും നോക്കൂ. കർമ്മത്തിലൂടെ ഓരോ ആത്മാവിനും സുഖം കൊടുക്കൂ, സുഖം എടുക്കൂ. ആരെങ്കിലും ദു:ഖം തന്നാൽ, ചീത്ത പറഞ്ഞാൽ, നിന്ദിച്ചാൽ താങ്കൾ സഹനശീല ദേവിയും സഹനശീല ദേവനുമായി മാറൂ.